PATHANAMTHITTA

# അസിസ്റ്റന്റ് ഫോട്ടോഗ്രാഫർ: കരാർ നിയമനം

പത്തനംതിട്ട ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ അസിസ്റ്റൻഡ് ഫോട്ടോഗ്രാഫർ താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. കരാർ അടിസ്ഥാനത്തിൽ 2022 മാർച്ച് 31 വരെയാണ് നിയമനം. അപേക്ഷകർ പത്തനംതിട്ട ജില്ലയിലെ സ്ഥിര താമസക്കാർ ആയിരിക്കണം. യോഗ്യത: പ്ലസ്ടു പാസായ ശേഷം ലഭിച്ച ഡിജിറ്റൽ ഫോട്ടോഗ്രാഫർ എൻസിവിടി/എസ്‌സിവിടി സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഫോട്ടോ ജേണലിസത്തിൽ ഡിപ്ലോമ/ സർട്ടിഫിക്കറ്റ്. ഫോട്ടോ എഡിറ്റിംഗിൽ പരിജ്ഞാനം വേണം. പ്രായം 20നും 30നും മധ്യേ. സ്വന്തമായി ഡിജിറ്റൽ കാമറ ഉണ്ടായിരിക്കണം. വേതനം പ്രതിമാസം 15,000 രൂപ. നിശ്ചിത യോഗ്യതയുള്ളവർ അപേക്ഷ, ബയോ ഡേറ്റ എന്നിവ diopta1@gmail.com ലേക്ക് ജൂലൈ 15ന് വൈകിട്ട് അഞ്ചിന് അകം അയയ്ക്കണം. ഫോൺ: 0468–2222657. അഭിമുഖത്തിന്റെയും പ്രായോഗിക പരീക്ഷയുടെയും തീയതി പിന്നീട് അറിയിക്കും. അഭിമുഖത്തിന് ഹാജരാകുമ്പോൾ ക്യാമറ, യോഗ്യതാ രേഖകളുടെ അസലും പകർപ്പും, ക്രിമിനൽ പശ്ചാത്തലമില്ലെന്ന് വ്യക്തമാക്കുന്ന പ്രദേശത്തെ പോലീസ് എസ്.എച്ച്.ഒയുടെ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.